# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.52 — 12.06.2012 ൽ മറുപടിക്ക്

## വിദ്യാർത്ഥികളുടെ യാത്രാ ക്ലേശം

| ചോദ്യം<br>ശ്രീ. ആർ. രാജേഷ്<br>ഡോ. കെ. ടി. ജലീൽ<br>ശ്രീ. പുരുഷൻ കടലുണ്ടി | | ഉത്തരം<br>ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| എ) വിദ്യാർത്ഥികളുടെ യാത്രാക്ലേശം ഒഴിവാക്കുന്നതിനായി എന്തെങ്കിലും നടപടികൾ പുതുതായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (എ) | വിദ്യാർത്ഥികളുടെ യാത്രാ ക്ലേശം ഒഴിവാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സർക്കാരും കെ.എസ്.ആർ.ടി.സി.യും മോട്ടോർ വാഹന വകുപ്പും സ്വീകരിച്ചിട്ടുണ്ട്.<br>1. എല്ലാ വിദ്യാർത്ഥികൾക്കും അവധി ദിവസങ്ങളിലും പ്രൈവറ്റ് / കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൺസഷൻ അനുവദിച്ചുകൊണ്ട് 28.11.2011 ലെ ജി.ഒ.(പി) 63/2011/ഗതാ (എസ്.ആർ.ഒ.നം.748/2011 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br>വിദ്യാർത്ഥികളുടെ യാത്രാക്ലേശം ഒഴിവാക്കുന്നതിനായി കെ.എസ്.ആർ.ടി.സി ഒട്ടേറെ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൺസഷൻ ടിക്കറ്റ് എടുക്കുവാൻ വരുന്ന വിദ്യാർത്ഥികൾക്കോ രക്ഷകർത്താക്കൾക്കോ യൂണിറ്റ് തലത്തിൽ യാതൊരുവിധത്തിലുള്ള ബുദ്ധിമുട്ടും അനുഭവപ്പെടാതിരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകി കഴിഞ്ഞിട്ടുണ്ട്. ടൗൺ ടു ടൗൺ ഒഴികെയുള്ള എല്ലാത്തരം ഓർഡിനറി സർവ്വീസുകളിലും വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റ് ഉപയോഗിച്ച് യാത്ര ചെയ്യാവുന്നതാണ്. ഈ അദ്ധ്യയന വർഷം മുതൽ കുളത്തുപ്പുഴ, ആര്യങ്കാവ്, എന്നീ ഓപ്പറേറ്റിംഗ് സെന്ററുകളിലും കൺസഷൻ ടിക്കറ്റ് വിതരണ കൗണ്ടറുകൾ ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥി പഠിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥാപനം വാസസ്ഥലത്ത് നിന്നും 40 കിലോമീറ്ററിനകത്ത് ഇല്ലായെങ്കിൽ ദൂരപരിധി നോക്കാതെ യാത്രാസൗജന്യം അനുവദിച്ചു വരുന്നുണ്ട്. കൺസഷൻ ടിക്കറ്റിൽ അനുവദിച്ചിട്ടുള്ള യാത്രാ ദിവസം കാലാവധിക്കു മുമ്പേ തീരുകയാണെങ്കിൽ കാലാവധി മാനദണ്ഡമാക്കാതെ മുൻകൂറായി കൺസഷൻ ടിക്കറ്റ് പുതുക്കി നൽകാനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>2. പ്രൈവറ്റ് ബസ്സുകളിൽ യാത്രാ സൗജന്യം ലഭിക്കുന്നതിനുള്ള ഐഡന്റിറ്റി കാർഡ് വിതരണവുമായി |

| | | |
|---|---|---|
| ~ | | ബന്ധപ്പെട്ട് മോട്ടോർ വാഹന വകുപ്പ് എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| ബി) കൺസഷൻ നിരക്കിൽ യാത്ര ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സ്വകാര്യ ബസ്സ് ജീവനക്കാരിൽ നിന്നും നേരിടേണ്ടി വരുന്ന വിവേചനങ്ങൾ അവസാനിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | (ബി) | സ്വകാര്യ ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് ജീവനക്കാരിൽ നിന്നും നേരിടേണ്ടിവരുന്ന വിവേചനങ്ങൾ അവസാനിപ്പിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>അധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപ് ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് District Students Travel facility Committee വിളിച്ച് ചേർക്കുവാനും വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നങ്ങൾ സംബന്ധിച്ചുള്ള പരാതികളിന്മേൽ ഉചിതമായ തീരുമാനങ്ങളെടുക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>വിദ്യാർത്ഥികളുടെ യാത്രാ സൗജന്യവുമായി ബന്ധപ്പെട്ട് പരാതികളിന്മേൽ ആവശ്യമായ അന്വേഷണം നടത്തി പ്രസ്തുത വിഷയം ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെയോ , ട്രാൻസ്പോർട്ട് കമ്മീഷണറുടെയോ, സർക്കാരിന്റെയോ, ശ്രദ്ധയിൽ കൊണ്ടുവരുവാൻ എല്ലാ സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ട് ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻസ്, ഡയറക്ടർ ഓഫ് കോളീജിയേറ്റ് എഡ്യുക്കേഷൻ എന്നിവർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) കൺസഷൻ നിഷേധിച്ചുകൊണ്ട് അധിക ചാർജ്ജ് ഈടാക്കുന്ന സ്വകാര്യ ബസ്സ് ജീവനക്കാർക്കെതിരെ ലഭിക്കുന്ന പരാതികൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ? | (സി) | കൺസഷൻ നിഷേധിച്ചുകൊണ്ട് അധിക ചാർജ്ജ് ഈടാക്കുന്ന പരാതിയിന്മേൽ അന്വേഷണം നടത്തി ഉചിതമായ നടപടികൾ കൈകൊള്ളാൻ എല്ലാ ആർ.ടി.ഓ/ജോയിന്റ് ആർ.ടി.ഓ മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഡി) വിദ്യാർത്ഥികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിരുന്നോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്തെ പ്രൈവറ്റ് ബസ്സ് ഓപ്പറേറ്റർമാർ വിദ്യാർത്ഥികളെ രണ്ടാം തരം പൗരന്മാരായാണ് കാണുന്നതെന്നും മറ്റ് യാത്രക്കാർ കയറി തീരുന്നതുവരെ വാഹനത്തിന്റെ പുറത്ത് വിദ്യാർത്ഥികളെ നിരനിരയായാണ് നിർത്തുന്നതെന്നും വിദ്യാർത്ഥികൾ മഴയും വെയിലും ഏറ്റുകൊണ്ട് വാഹനം യാത്ര ആരംഭിക്കുന്നതുവരെ പുറത്ത് നിറുത്തുന്നുവെന്നും മറ്റുമുള്ള പരാതിയിന്മേൽ നാഷണൽ കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് സർക്കാരിൽ |

| | | |
|---|---|---|
| | | നിന്നും ആവശ്യപ്പെട്ട റിപ്പോർട്ട് പ്രകാരം പ്രസ്തുത പരാതികളിന്മേൽ സ്വീകരിക്കേണ്ട അടിയന്തിര നടപടികൾ വ്യക്തമാക്കിക്കൊണ്ട് ബന്ധപ്പെട്ടവർക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. ഏതെങ്കിലും തരത്തിലുള്ള വിവേചനം നേരിടേണ്ടിവരുന്ന വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട ബസ്സിന്റെ പേര്, നമ്പർ, റൂട്ട് എന്നിവ വ്യക്തമാക്കിക്കൊണ്ട് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കോ ഗതാഗത കമ്മീഷണർക്കോ സർക്കാരിലേക്കോ ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനത്തിന്റെ അധികാരി മുഖേന പരാതികൾ നൽകാവുന്നതാണെന്നും ഇങ്ങനെ ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തി നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണെന്നും വിദ്യാർത്ഥി സമൂഹത്തിന് നിയമാനുസൃതമായി അനുവദിച്ചിട്ടുള്ള യാത്രാ കൺസഷൻ മേൽ വിവരിച്ച പരാതികൾ ഉണ്ടാകാത്ത വിധത്തിൽ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട എല്ലാ യാത്രാ ബസ്സുടമകളും ജീവനക്കാരും ശ്രദ്ധിക്കേണ്ടതാണെന്നും വ്യക്തമാക്കിക്കൊണ്ട് പൊതുസമൂഹത്തെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി സർക്കാർ പത്രക്കുറിപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ നിവേദനത്തിൽ പറയുന്ന പരാതികൾ പൂർണ്ണമായും ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും സ്കൂൾ/കോളേജിനടുത്തുള്ള ബസ്സ് സ്റ്റോപ്പുകളിൽ വിദ്യാർത്ഥികൾക്ക് ഇത്തരം തിക്താനുഭവങ്ങൾ ഉണ്ടാകുന്നുണ്ടോ എന്ന് കണ്ടെത്തുവാൻ മിന്നൽ പരിശോധന നടത്തുവാനും എല്ലാ ആർ.ടി.ഓ/ജോയിന്റ് ആർ.ടി.ഓ മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ